**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4083** **09-08-2021 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണപുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലെ പാലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കരിയാട്-തുരുത്തിമുക്ക് പാലം, കല്ലിക്കണ്ടി പാലം, കല്ലാച്ചേരിക്കടവ് പാലം, ചിറ്റാരിത്തോട് പാലം, പത്തായക്കല്ല് പാലം, കൊല്ലക്കൽ പാലം, കല്ലറ-കുരുന്താറ്റിൽ പാലം തുടങ്ങിയവയിൽ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചവയുടെ നിർമ്മാണ പുരോഗതിയും ഭരണാനുമതി ലഭിക്കാത്തവയുടെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ 1. കരിയാട് - തുരുത്തിമുക്ക് പാലം - P6, P7, P8 ന്റെ പൈലിംഗ് പൂർത്തീകരിച്ചു. P5 ന്റെ പൈലിംഗ് പുരോഗമിക്കുന്നു. P6, P7, P8 ന്റെ പൈലിംഗ് ക്യാപ്പ് പൂർത്തീകരിച്ചു. 2. കല്ലുകണ്ടി പാലം - ടെണ്ടർ നടപടി പൂർത്തീകരിച്ചു. കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. 3. കല്ലുച്ചേരികടവ് പാലം - കിഫ്ബിയിൽ നിന്നും 10.14 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും, സാങ്കേതികാനുമതിക്കു വേണ്ടി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. 4. കുരുന്തട്ടിൽ പാലം - കിഫ്ബിയിൽ ഉൾപ്പെടുത്തി 25 കോടിയ്ക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ Tentative Design Drawing ലഭിച്ചിരുന്നുവെങ്കിലും അലൈൻമെന്റ് ഉൾനാടൻ ജലപാതയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടതിനാൽ ഡിസൈൻ പുതുക്കുകയും, ആയതിന്റെ പുതുക്കിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കാത്ത ചിറ്റാരിത്തോട് പാലം, പത്തായക്കല്ല് പാലം, കൊലുക്കൽ പാലം പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പാലങ്ങളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ; ആയത് | (സി) | പ്രസ്തുത പാലങ്ങളുടെ പൂർത്തീകരണത്തിന് തടസ്സങ്ങളൊന്നും ഇല്ല |

| | | | |
|---|---|---|---|
| | പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | | |
| (ഡി) | ജില്ലാ പഞ്ചായത്ത് റോഡിൽ സ്ഥിതി ചെയ്യുന്ന പുത്തൂർ ആനപ്പാലവും പുത്തൂർ ചെമ്മരിത്തോട് പാലവും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ, എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ ? | (ഡി) | ഈ വിഷയം ഈ വകുപ്പിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ